## കറൻസിനോട്ടുകൾ സ്റ്റാപ്പിൾ ചെയ്യുന്നത് (പിൻ) - ബാങ്കുകളോടും പൊതുജനങ്ങളോടും ആർ.ബി.ഐ.യുടെ അഭ്യർത്ഥന

2003, ഫെബ്രുവരി 25

ബാങ്കുകൾ കറൻസിനോട്ട് പാക്കറ്റുകൾ സ്റ്റാപ്പിൾ ചെയ്യുന്ന പ്രവൃത്തി നിറുത്തണമെന്ന ഭാരതീയ റിസർവ് ബാങ്കിന്റെ കല്പന പാലിക്കേണ്ടതാണ്. പൊതുജന താല്പര്യത്തിൽ, പൊതുജനങ്ങൾക്ക് വൃത്തിയുള്ളതും നല്ലതുമായ നോട്ടുകൾ നൽകുക എന്ന ലക്ഷ്യം വച്ചുകൊണ്ട് 1949, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ 354 സെക്ഷന് കീഴിൽ, ബാങ്കുകൾക്ക് ഒരു നിദേശം ആർ.ബി.ഐ. നൽകിയിട്ടുണ്ട്.

ഭാരതീയ റിസർവ്വ് ബാങ്ക് ബാങ്കുകൾക്കും പൊതുജനങ്ങൾക്കും സ്റ്റാപ്പിൾ ചെയ്യാതെയുള്ള പുത്തൻനോട്ടുകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. പക്ഷെ, പൊതുജനങ്ങൾക്ക് നൽകുന്നതിന് മുൻപ് ബാങ്കുകൾ ഈ പുത്തൻനോട്ടുകൾ കമ്പിയുപയോഗിച്ച് കുത്തിക്കെട്ടുന്നതായി കണ്ടുവരുന്നു. കൂടാതെ രണ്ടാമതും ഇഷ്യു ചെയ്യുന്ന നോട്ടു പാക്കറ്റുകൾ ബലമേറിയ വണ്ണമുള്ള സ്റ്റീൽ കമ്പികൊണ്ട് ഒന്നിലേറെ തവണ കുത്തിക്കെട്ടുന്ന പതിവും തുടരുന്നു. ഇത്തരം ഒന്നിലേറെ സ്റ്റാപ്പിളുകൾ എടുത്തുമാറ്റുന്നതിന് ജനങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിയ്ക്കുന്നുണ്ട്. ആളുകൾക്ക് മുറിവ് പറ്റുമെന്നുള്ളത് കൂടാതെ നോട്ടുകളും കേട് വരുന്നു. ഇത്തരത്തിൽ കേടുവന്ന നോട്ടുകൾ ജനങ്ങളിൽ നിന്നും സ്വീകരിക്കുവാൻ ബാങ്കുകൾ വിസമ്മതിക്കുന്നു. നല്ല നോട്ടുകൾ കേടുവരുന്നതിനുള്ള ഒരു പ്രധാന കാരണം സ്റ്റാപ്പിൾ ചെയ്യുന്നതാണ്.

സ്റ്റാപ്പിൾ ചെയ്യുന്നതിനെതിരെ ഭാരതസർക്കാരിനും ഭാരതീയ റിസർവ് ബാങ്കിനും ധാരാളം പരാതികൾ ലഭിക്കുന്നുണ്ട്. മറ്റൊരു രാജ്യവും നേട്ടുപാക്കറ്റുകൾ സ്റ്റാപ്പിൽ ചെയ്യുന്ന പ്രവർത്തി ചെയ്യുന്നില്ലെന്ന് റിസർവ് ബാങ്ക് നടത്തിയ ഒരു പഠനം ചൂണ്ടിക്കാട്ടുന്നു. റിസർവ് ബാങ്ക് 1998 മുതൽ ഈ പതിവ് നിറുത്തലാക്കണമെന്ന് ബാങ്കുകളെ ഉപദേശിക്കുന്നുണ്ട്. 2002, നവംബറിൽ നോട്ടുപാക്കറ്റുകൾ കമ്പി യുപയോഗിച്ച് കുത്തിക്കെട്ടുന്നത് നിരോധിച്ചുകൊണ്ട് ഒരു നിർദേശം ഇറക്കിയിട്ടുണ്ട്. റിസർവ് ബാങ്ക് എടുത്തിട്ടുള്ള ഈ നടപടി വ്യാപകമായി പൊതുജനം സ്വീകരിച്ചിട്ടുണ്ട്.

ബാങ്കുകളുടെ ബ്രാഞ്ചുകൾ, സർക്കാർ വകുപ്പുകൾ തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന നോട്ടുകൾ ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ഉള്ള വളരെ കർശനമായ സുരക്ഷാ സംവിധാനത്തിൽ പൂർണ്ണമായും സ്വയം പ്രവർത്തിക്കുന്ന പ്രോസസ്സിങ്ങ് യന്ത്രത്തിലാണ് പ്രോസസ്സ് ചെയ്യുന്നത്.

**അൽപന കില്ലാവാലാ**

ജനറൽ മാനേജർ

പ്രസ് റിലീസ്: 2002-2003/891